ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം 31-1-2011-വരെ മുഖ്യമന്ത്രിയുൾപ്പെടെ സംസ്ഥാന മന്ത്രിമാർക്കായി വിദേശയാത്രാക്കൂലി ഉൾപ്പെടെ വിമാനയാത്രാക്കൂലി ഇനത്തിൽ 1,97,20,680 രൂപ (ഒരു കോടി തൊണ്ണൂറ്റിയേഴ് ലക്ഷത്തി ഇരുപതിനായിരത്തി അറുന്നൂറ്റി എൺപത് രൂപാ മാത്രം) പൊതുഭരണ (അക്കൗണ്ട്സ്-എ) വകുപ്പിൽനിന്നും ചെലവായിട്ടുണ്ട്.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാർക്ക് അനുവദനീയമായ അലവൻസുകൾ

9 (10) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ മുഖ്യമന്ത്രി ഉൾപ്പെടെയുള്ള ഓരോ മന്ത്രിമാരും ടി.എ., ഡി.എ., വിദേശപര്യടനകാലത്ത് എന്റർടെയിൻമെന്റ് അലവൻസ്, മറ്റനുവദനീയമായ അലവൻസുകൾ എന്നിവയുൾപ്പെടെ എത്ര തുക വാങ്ങിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത കാലയളവിൽ മുഖ്യമന്ത്രിയുൾപ്പെടെയുള്ള ഓരോ മന്ത്രിമാരും അവരുടെ ഓരോരുത്തരുടേയും കുടുംബാംഗങ്ങളും മെഡിക്കൽ ട്രീറ്റ്മെന്റ് ഇനത്തിൽ എന്ത് തുകവീതം വാങ്ങിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രി ഉൾപ്പെടെയുള്ള ഓരോ മന്ത്രിമാരും 31-1-2011-വരെ കൈപ്പറ്റിയ ടി.എ., ഡി.എ., വിവരം അനുബന്ധമായി-1-ൽ ചേർത്തിരിക്കുന്നു.* വിദേശപര്യടനകാലത്ത് എന്റർടെയിൻമെന്റ് അലവൻസ്, മറ്റനുവദനീയമായ അലവൻസുകൾ എന്നിവയുടെ വിവരം ശേഖരിച്ചുവരുന്നു.

(ബി) ഉത്തരം അനുബന്ധം-2-ൽ ചേർത്തിരിക്കുന്നു.*

പ്രതിപക്ഷ നേതാവിന് ടെലിഫോൺ ബിൽ ഇനത്തിൽ ചെലവായ തുക

10 (11) ശ്രീ. കെ. കുഞ്ഞമ്മത് മസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രതിപക്ഷ നേതാവിന് ടെലിഫോൺ ബിൽ ഇനത്തിൽ ചെലവായ തുകയെത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് ഓഫീസ്, വസതി എന്നിവയിലെ ലാൻഡ് ഫോൺ മൊബൈൽ ഫോൺ എന്നിവ വേർതിരിച്ച് കണക്ക് വ്യക്തമാക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly